## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

( ഹാജർ: ശ്രീ.ബി.റ്റി.വി. കൃഷ്ണൻ B.Tech. )

ഉത്തരവ് നമ്പർ ബി1/37940/2020/സി.ഇ. തീയതി 5-10-2020

വിഷയം :- ജീവനക്കാര്യം-ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്- സീനിയർ സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 08/09/2020- ലെ ബി4/473/2020/സി.ഇ. നമ്പരായുള്ള ഗസറ്റ് വിജ്ഞാപനം

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കോഴിക്കോട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ സീനിയർ സൂപ്രണ്ടായ ശ്രീമതി. കെ. റീന, 30/09/2020-ൽ വിരമിച്ചതു നിമിത്തം സീനിയർ സൂപ്രണ്ട് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. ആയതിലേയ്ക്ക് ഡി.പി.സി. അംഗീകരിച്ച 2020-ലെ സെലക്ട് ലിസ്റ്റിന്റെ അടിസ്ഥാനത്തിലുള്ള സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് കൊല്ലം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ടും പരാമർശത്തിലെ ഡി.പി.സി. സെലക്ട് ലിസ്റ്റിലെ സീനിയറുമായ ശ്രീമതി. എസ്. ആഷയെ 36600-79200 ശമ്പള സ്കെയിലിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റം (ബൈട്രാൻസ്ഫർ നിയമനം) നൽകി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കോഴിക്കോട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയത്തിൽ നിയമിക്കുന്നു.

ഒപ്പ്
ചീഫ് എഞ്ചിനീയർ

സ്വീകർത്താക്കൾ
ശ്രീമതി. എസ്. ആഷ, ജൂനിയർ സൂപ്രണ്ട്
( ആഫീസ് മേധാവി മുഖേന)

പകർപ്പ്
1) സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ദക്ഷിണമേഖല, തിരുവനന്തപുരം/ഉത്തരമേഖല, കോഴിക്കോട്
2) എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ, കൊല്ലം, കോഴിക്കോട്.
3) വെബ് സൈറ്റിലേയ്ക്ക്/സ്റ്റോക്ക് ഫയലിലേയ്ക്ക്/

ഉത്തരവിൻപ്രകാരം

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്



T3